**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക് ശ്രീമതി.സൗമ്യ.സി.യു-വിന് കോട്ടയം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**1619/2019/**തസ്വഭവ തീയതി, തിരുവനന്തപുരം, **29/07/2019.**

---

പരാമർശം :
1. 06.02.2013 ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്.
2. ശ്രീമതി.സൗമ്യ.സി.യു വിന്റെ 24.05.2018 ലെ അപേക്ഷ.
3. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 04.01.2019 ലെ എ.ഡി.എ 2/114357/എച്ച് എസ് ഇ/18 നമ്പർ നടപടി ക്രമം.
4. പഞ്ചായത്ത് ഡയറക്ടറുടെ 03.04.2019 ലെ ഇ 6- 1444/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ കോട്ടയം ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം ഹയർ സെക്കണ്ടറി വിദ്യാഭാസ വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ 26.10.2017 മുതൽ ജോലി ചെയ്യുന്ന ശ്രീമതി.സൗമ്യ.സി.യു കോട്ടയം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. പരാമർശം (1) ലെ ഉത്തരവിലെ ഖണ്ഡിക 3(viii)ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതനായ ജീവനക്കാരന് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ടി ഉദ്യോഗസ്ഥന്റെ സേവനം ക്രമവല്ക്കരിച്ചതിന് ശേഷം മാത്രമേ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ ശ്രീമതി.സൗമ്യ.സി.യു ക്ലാർക്ക് തസ്തികയിലെ സേവനം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാളെ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന നിരാക്ഷേപ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഹയർ സെക്കണ്ടറി വകുപ്പിന് ഒരു റീജിയണൽ ഓഫീസ് നിലവില്ലുണ്ടെന്നും അടുത്ത 5 വർഷത്തിനിടയിൽ ഒഴിവുകൾ വരാനുള്ള സാദ്ധ്യതകൾ ഇല്ലെന്നും ഹയർ സെക്കണ്ടറി ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കോട്ടയം ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.സൗമ്യ.സി.യു- ന് കോട്ടയം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീമതി.സൗമ്യ.സി.യു പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് തിരുവനന്തപുരം.
സൗമ്യ .സി.യു, ക്ലാർക്ക്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.
ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ( 11.06.2019 ലെ Adv B1/05/2019/ഉഭപവ നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ 82/ഇപിഎ 1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ